**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 918** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കും സാമ്പത്തിക ഉന്നമനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ബ്ലോക്ക് തലത്തിലും സത്വര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിർവഹണം സമയബന്ധിതമായി പൂർത്തീകരിക്കാൻ വകുപ്പുതലത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രതിമാസ പുരോഗതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. പദ്ധതി നിർവഹണ പുരോഗതി കൈവരിക്കാത്ത സ്കീമുകൾ പ്രത്യേകം അവലോകനം ചെയ്യുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ/പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ എന്നിവരുടെ മേൽനോട്ടത്തിൽ പദ്ധതി പുരോഗതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ഉതകുന്ന രീതിയിൽ ഇവരിൽ നിന്നും സിവിൽ എഞ്ചിനീയറിംഗ് ബിരുദമോ ഡിപ്ലോമയോ യോഗ്യതയുള്ള യുവാക്കൾക്ക് എഞ്ചിനീയർമാരായും ഓവർസിയർമാരായും നിയമനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിന് വകുപ്പിൽ എഞ്ചിനീയറിംഗ് വൈദഗ്ധ്യം ആവശ്യമുള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി സിവിൽ എഞ്ചിനീയറിംഗ് ബിരുദം/ഡിപ്ലോമ/ ഐ.ടി.ഐ. യോഗ്യതയുള്ള പട്ടിക ജാതിയിൽപ്പെട്ട യുവതീ യുവാക്കളെ അക്രഡിറ്റഡ് എഞ്ചിനീയർ / |

| | | | |
|---|---|---|---|
| | | | ഓവർസീയർമാരായി 2 വർഷ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി 29/05/22 ലെ സ.ഉ.(കൈ)നം.30/22/പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ എണ്ണത്തിൽ സംസ്ഥാനം രാജ്യത്ത് ഒന്നാമതാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കായി സർക്കാർ നടത്തുന്ന സാമ്പത്തിക ഇടപെടലുകളുടെ ഫലമായിട്ടാണ് ഇത് സാധ്യമായിട്ടുള്ളതെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | രാജ്യസഭയിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1922-ന് 03.08.2022 തീയതിയിൽ കേന്ദ്രസർക്കാർ നൽകിയിട്ടുള്ള മറുപടിയിലെ കണക്ക് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ എണ്ണം ഏറ്റവും കൂടുതൽ കേരളത്തിലാണ്. |

സെക്ഷൻ ഓഫീസർ